## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ് 2 - 12197/2019 തീയതി- 25 .09.2019

**സർക്കുലർ നമ്പർ 12 /2019-20**

വിഷയം-കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് – ജില്ലാ കമ്മിറ്റി ചെയർമാൻമാരുടെ അധികാര പരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന- 1) 24.11.2016 ലെ ബോർഡ് സർക്കുലർ നമ്പർ 26/2016-17
2) കേരള ഹെഡ് ലോഡ് വർക്ക്സ് റൂൾസ് 1981 – റൂൾസ് 15 (5)
3) 25.09.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന് കീഴിലുള്ള ജില്ലാ കമ്മിറ്റി /ഉപകാര്യാലയങ്ങൾക്കാവശ്യമായ വർക്ക് കാർഡ്, ഫോറങ്ങൾ എന്നിവയുടെ 50,000/- രൂപ (അമ്പതിനായിരം രൂപ) വരെ (ഒറ്റ തവണ) ചിലവ് വരുന്ന പ്രിന്റിംഗിന് അനുമതി നൽകുന്നതിനുള്ള അധികാരം ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാണ്. നിലവിൽ പ്രിന്റിംഗ് ജോലികൾ പ്രാദേശിക അടിസ്ഥാനത്തിൽ ചെയ്യുന്നതിനാൽ വർക്ക് കാർഡുകൾ, ഫോറങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കി, ജില്ലാ കമ്മിറ്റി /ഉപകാര്യാലയങ്ങളുടെ സുഗമമവും കാര്യക്ഷമവുമായ പ്രവർത്തനം സാധ്യമാക്കുന്നതിന് മേൽ പറഞ്ഞവയുടെ പ്രിന്റിംഗിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കമ്മിറ്റി ചെയർമാൻമാർക്ക് നൽകികൊണ്ട് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയത് പ്രകാരം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന് കീഴിലുള്ള ജില്ലാ കമ്മിറ്റി /ഉപകാര്യാലയങ്ങൾക്കാവശ്യമായ വർക്ക് കാർഡ്, ഫോറങ്ങൾ ,മറ്റ് പ്രിന്റിംഗുകൾ എന്നിവയുടെ പ്രിന്റിംഗിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കമ്മിറ്റി ചെയർമാൻമാർക്ക് ഉണ്ടായിരിക്കുന്നതും അയതിന്റെ പരിധി വർക്ക് കാർഡ് പ്രിന്റിംഗിന് ഒറ്റ തവണ 30,000/- രൂപ വരേയും മറ്റ് പ്രിന്റിംഗിന് ഒറ്റ തവണ 20,000/- രൂപവരെയും നിജപ്പെടുത്തിയിട്ടുമുണ്ട്. വർക്ക് കാർഡ്, ഫോറങ്ങൾ ,മറ്റ് പ്രിന്റിംഗുകൾ എന്നിവ ആവശ്യമായി വരുന്നപക്ഷം സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിച്ച്, ക്വട്ടേഷൻ ക്ഷണിച്ച്, കുറഞ്ഞ ക്വട്ടേഷൻ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിൽ നിന്നും പ്രിന്റ് ചെയ്യിക്കുന്നതിന്, വാർഷിക ബഡ്ജറ്റ് പരിധിക്ക് വിധേയമായി ജില്ലാ കമ്മിറ്റി ചെയർമാൻമാർക്ക് ഈ സർക്കുലർ തിയതി മുതൽ അധികാരമുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**സ്വീകർത്താവ്**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.
( ജില്ലാ കമ്മിറ്റി ചെയർമാൻ കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

**പകർപ്പ്**

സൂപ്രണ്ട് ക്യാഷ് സെക്ഷൻ/എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ
(അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി)

//ഉത്തരവിൻ പ്രകാരം//
Jayaprakash
ജൂനിയർ സൂപ്രണ്ട്